ARTICLE IN THE EXPRESS "നടക്കാറാക്കിത്തരണേ"

130 (13) **Mr. C. V. Iyyu** (*Kunnamkulam*): Will Government be pleased to state.—

(*a*) whether they have read in the last column on page 3 of the "Express" (Trichur) article No. 1 under the caption "നടക്കാറാക്കിത്തരണേ" under the heading "പൊതുനാടം" written by the secretary, Republic Union, Kunnamkulam;

(*b*) if so, will they be pleased to inform what action has been taken by the authorities to improve the streets mentioned in that article ?

Mr. C. A. Ouseph (*Minister for Education and Public Health*):

(*a*) Yes.

(*b*) A Municipality has actually been constituted in the town only with effect from 13th Edavam 1123. In the absence of sufficient funds, it had not been possible for the Municipality to do anything substantial for the improvement of roads, etc. With the limited allotment transferred from the Panchayat Department, the Chiralayam-Thazhathangadi Road and the Kunnathangadi road have already been improved. The question of effecting out-right repairs to the Puthen Petta Bazaar Road and of improving the general condition of roads in the town is now engaging the attention of the Municipality.

POLITICAL PRISONERS—INFORMATION REGARDING

131. (159) മിസ്റ്റർ കെ. ഡബ്ല്യു. മുരളീധരമാരാർ. താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ട് ദയവായി ഉത്തരം പറയുമോ.—

(എ) ഈ രാജ്യത്ത് എത്ര രാഷ്ട്രീയ തടവുകാരുണ്ട്;

(ബി) അവരെ എങ്ങിനെയാണ് തരം തിരിച്ചിരിക്കുന്നത്; (classification)

(സി) അവരുടെ കുടുംബച്ചിലവിലേക്കായി ഗവൺമെണ്ടിൽനിന്നും എന്തെങ്കിലും സംഖ്യ അനുവദിച്ചിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ അനുവദിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെണ്ടിൽനിന്ന് ആലോചിച്ചു വരുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

(എ) "രാഷ്ട്രീയതടവുകാർ ഇവിടെയില്ല. രാഷ്ട്രീയപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള കുറ്റങ്ങൾക്ക ശിക്ഷിക്കപ്പെട്ടന്ന തടവുകാരെ "സ്പെഷൽ ക്ലാസ്സ് തടവുകാരെന്നാണ് പറയുന്നത്. ഇവിടെ ഇപ്പോൾ മൂന്ന സ്പെഷൽ ക്ലാസ്സ് തടവുകാരുണ്ട്.

(ബി) അവർ ചെയ്ത കുറ്റത്തേയും അവരുടെ ജീവിതരീതിയേയും ആസ്പദമാക്കിയാണ് തരം തിരിച്ചിരിക്കുന്നത്.

(സി) ഇല്ല.

(ഡി) ഇല്ല.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: ഈ രാജ്യത്ത് രാഷ്ട്രീയതടവുകാരുണ്ടോ എന്ന ചോദ്യത്തിന്ന് രാഷ്ട്രീയതടവുകാർ ഇവിടെയില്ലന്നാണ് മറുപടി പറഞ്ഞിരിക്കുന്നത്. പിന്നെ രാഷ്ട്രീയതടവുകാർ എന്ന പറയുന്നവർ നിയമപ്രകാരം എന്തു കുറ്റം ചെയ്തിട്ടുള്ളവരാണ്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: മുമ്പ് രാഷ്ട്രീയതടവുകാർ എന്ന പറഞ്ഞിരുന്നവരെ ഇപ്പോൾ സ്പെഷൽ ക്ലാസ്സ് തടവുകാർ എന്നു പറഞ്ഞു തരം തിരിച്ചിരിക്കുകയാണ്.

മിസ്റ്റർ എ. കെ. ജോർജ്ജ്: ഈ രാഷ്ട്രീയ തടവുകാർ എന്ന പറയുന്നവർ എന്തു കുറ്റം ചെയ്തിട്ടുള്ളവരാണ്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: രാഷ്ട്രീയകുറ്റം ചെയ്തിട്ടുള്ളവർ.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ: രാഷ്ട്രീയ തടവുകാരുടെ ജീവിതരീതി മനസ്സിലാക്കി തരം തിരിച്ചിട്ടുള്ളത് ഏതെല്ലാം രീതിയിലാണ്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: രാഷ്ട്രീയ തടവുകാരിൽ ചിലർ ഭക്ഷണകാര്യങ്ങളിൽ വളരെ നിഷ്ഠയുള്ളവരായിരിക്കും. അങ്ങിനെയുള്ളവർക്ക് അതിരാവിലെ കാപ്പികൊടുക്കുക, പല്ലുതേക്കുവാൻ Tooth Brush കൊടുക്കുക, അവരുടെ ജീവിതത്തോതനുസരിച്ചുള്ള ഭക്ഷണവും മറ്റു സൌകര്യങ്ങളും ചെയ്തുകൊടുക്കുക എന്നിങ്ങനെയുള്ള രീതിയിലാണ് തരം തിരിച്ചിട്ടുള്ളത്.

മിസ്റ്റർ സി. വി. ഇയ്യു: അവർക്ക് വിസ്കിയോ, സോഡയോ, മറ്റോ, ആവശ്യമുണ്ടെങ്കിൽ കൊടുക്കുവാൻ വിരോധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: കൊടുക്കുവാൻ പാടില്ല.

മിസ്റ്റർ സി. വി. ഇയ്യു: ഹിംസാപരമായ കുറ്റം ചെയ്തിട്ടുള്ളവർ ആരെങ്കിലും രാഷ്ട്രീയ തടവുകാരിൽ ഉണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: ഇപ്പോഴില്ല.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: രാഷ്ട്രീയ പ്രവർത്തനങ്ങളും ചെയ്യുന്നവരെയെല്ലെ രാഷ്ട്രീയകുറ്റക്കാർ എന്നു പറയുന്നതു്?

Mr. E. Ikkanda Warriar: (*Prime Minister*) The special class consist of prisoners who are convicted of an offence in connection with any movement declared to be a political movement by the Governmant, so long as such a declaration is in force. that is the defintion.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: അവർക്കു് ഇപ്പോഴും എന്തെല്ലാം സുഖ സൌകര്യങ്ങളാണു ചെയ്തുകൊടുക്കുന്നതു്?

Mr. E. Ikkanda Warrier (*Prime Minister*): The special class prisoners are allowed to supplement their food at their own cost up to a limit of Rs. 15 a month. They are allowed to wear their own clothes. They are given certain furniture, easy-chair, sitting-chair, cot at Government cost. They are given toilet, etc,. at Government cost. They are allowed interviews once in a fortnight, such interview being confined to the members of their family. They can write and receive one letter every week. They can purchase cigarettes, cigars, beedies snuff, and tobacco up to an amount not exceeding Rs. 2/- a month. They are alowed to walk within the jail both morning and evening. They are provided with materials for playing batminton, tennis and food-ball at Government cost, These are the facilities now given for them.

Mr. C. V. Iyyu (*Kunnamkulam*): Are these 3 persons detenue or convicts?

Mr. E. Ekkanda Warriar (*Prime Minister*): The three persons now there are convicts.

Mr. C. V. Iyyu (*Kunnamkulam*): In view of what Hon'ble Prime Minister has said that they are not persons convicted due to any violence committed by them will the Government be pleased to take steps to release them?

Mr. E. Ekkanda Warriar (*Prime Minister*): I don't think the Government can do that.

മിസ്റ്റർ കെ. സി. മായൻകുട്ടിമേത്തർ: ജയിലിൽ ഉള്ളവർക്കു്, പുറമെയുള്ള ആളുകൾക്കു കൊടുക്കുന്നതിനേക്കാൾ, കൂടുതൽ റേഷൻ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: റേഷൻ പതിനാറു് ഔൺസ്സാണു് അവർക്കു് Fix ചെയ്തിരിക്കുന്നതു്. പിന്നെ രണ്ടു മൂന്നു തരം ക്ലാസ്സുകളായി തിരിച്ചിട്ടുണ്ടു്. അതിൽ പാലു്, പഞ്ചസാര, ടോയിലറ്റു സോപ്പു് മുതലായ സാധനങ്ങളും A. ക്ലാസ്സു തടവുകാർക്കു് കൊടുക്കുന്നുണ്ടു്.

മിസ്റ്റർ കെ. ഡബ്ലിയു മരളീധരമാരാർ: അവർക്കു് പത്രങ്ങളും വായിക്കാൻ കൊടുക്കാറുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: രാഷ്ട്രീയ തടവുകാർക്കു ഭക്ഷണത്തേക്കാളും പ്രധാനമേറിയതാണു് പത്രപാരായണം. അപ്പോളും അതു കൊടുക്കാതിരിക്കുമെന്നു വിശ്വസിക്കുന്നുണ്ടോ?

മിസ്റ്റർ സി. വി. ഇയ്യു: അവർക്കു വായിക്കുവാൻ പുസ്തകങ്ങളും കൊടുക്കാറുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: പുസ്തകങ്ങളും കൊടുക്കാറുണ്ടു്.

മിസ്റ്റർ എം. ഐ. പോൾ: ദാമോദരനു് ജയിലിൽ സ്പെഷൽ ക്ലാസ്സാണോ കൊടുത്തിരുന്നതു്?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ: അതിനു് നോട്ടീസ്സു വേണം.

മിസ്റ്റർ കെ. ഡബ്ലിയു. മരളീധരമാരാർ: പല പരിഷ്കൃതരാജ്യങ്ങളിലും രാഷ്ട്രീയതടവുകാർക്കു് family allowance കൊടുക്കുന്നതായിട്ടു ഗവൺമെണ്ടിന്നറിയാമൊ?

മിസ്റ്റർ ഇ ഇക്കണ്ടവാരിയർ: മദ്രാസ്സു് ഗവൺമെണ്ടു ചെയ്യുന്നതുപോലെയാണു് ഇവിടെയും സ്വീകരിച്ചിട്ടുള്ളതു്. അവിടെ ഈ അലവൻസ്സു് കൊടുക്കുന്നതായിട്ടു് റിക്കാട്ടുകൊണ്ടു കാണുന്നില്ല.

മിസ്റ്റർ സി. സി. പ്രസാദു്: അവിടെ family അലവൻസ്സു കൊടുക്കുന്നുണ്ടെന്നാണു് അറിയുന്നതു്.

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; എന്നാൽ ഒന്നുകൂടി അതിനെപ്പറ്റി അന്വേഷിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. ഐ. വേലായുധൻ; ജയിലിൽ രാഷ്ട്രീയ തടവുകാരിൽ എ. ക്ലാസ്സ് ആരെങ്കിലും അനുവദിച്ചിട്ടുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; അതിനെപ്പറ്റി അന്വേഷിച്ചുവേണം മറുപടി പറയുവാൻ.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ; പത്രങ്ങൾ രാഷ്ട്രീയ തടവുകാർക്ക് ജയിലിൽ വായിക്കുവാൻ കൊടുക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; പത്രങ്ങൾ കൊടുക്കുന്നുണ്ടെന്നാണ് എന്റെ വിശ്വാസം. പിന്നെ അതു കിട്ടാത്തതായി യാതൊരു ആവലാതിയും ഇതുവരെ വന്നിട്ടില്ല.

മിസ്റ്റർ സെബാസ്റ്റ്യൻ തോപ്പിൽ; രാഷ്ട്രീയതടവുകാരെ ഇവിടത്തെ പാർക്കിൽ കൊണ്ടുനടന്നിരുത്തി Radio കേൾപ്പിക്കുവാൻ ദയവുണ്ടാകുമോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ; അവർ തൃപ്തരാണ്.

INCREASE IN THE PRICE OF FUEL—STEPS TAKEN

132. (265) മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്ന് സദയം മറുപടി പറയുമോ.—

(എ) ഇപ്പോടെയുണ്ടായ വിറകിന്റെ വിലക്കയറ്റത്തെക്കുറിച്ച് ഗവൺമെണ്ടിലേക്ക് ആക്ഷേപം ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു നടപടിയാണ് അക്കാര്യത്തിൽ ഗവൺമെണ്ട് എടുത്തിട്ടുള്ളത്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ഉവ്വ്.

(ബി) ഇനി ഒരു ഉത്തരവുവരെ വില പഴയ തോതിൽ തന്നെ നിയ്ക്കുന്നതിനുള്ള ഉത്തരവു കൊടുത്തു.

മിസ്റ്റർ കെ. ടി. അച്യുതൻ: വിറകിന്റെ വില കൂടുതൽ എത്ര ആഴ്ചവരെ നിന്നു നിന്നിട്ടുണ്ട്.

മിസ്റ്റർ പി. ഗോവിന്ദമേനോൻ; അതു നിശ്ചയമില്ല. മറുപടി പറയണമെങ്കിൽ നോട്ടീസ്സുവേണം.

SUPPLY OF WATER—PARTICULARS OF

133. (65) **Mr. M. I. Paul** *(Elankunnapuzha):* Will Government be pleased to state.—

(*a*) the measures that the Government have taken for the supply of water in Vypeen Island, Mulavukad and Panambukad;

(*b*) how many water tanks have been fitted in Azhikal and elsewhere;

(*c*) whether the Government are aware that the supply of water through tanks is quite meagre and many representations have been made to Government for additional supply of water every where;

(*d*) if so what action has been taken in this connection ?

Mr. K. Ayyappan *(Minister for Works and Revenue):*

(*a*) Alwaye water was supplied to the people of Vypeen, Mulavukad, and Panambukad during the summer months of 1122 and 1123. Water was being transported in a landing craft and filled in the various tanks installed at several points in these places. Taps were also fitted to these tanks. Government propose to resume this course this year also.

(*b*) 12 tanks have been installed in the Vypeen Island and 7 tanks in Vallarpadam and Panambukad.

(*c & d*) Yes. But considering the difficulty of transport and the high cost involved, and also due to want of a copius supply at present from the source, Government have not been able to enhance the supply. Laying of pipe lines and installation of a pumping station is under consideration of the Government.

എം. ഐ. പോൾ: ഈ ടാങ്കുകൾ എല്ലാം എവിടങ്ങളിലാണ് വച്ചിരിക്കുന്നതെന്നു പറയാമോ?

മിസ്റ്റർ കെ. അയ്യപ്പൻ: അഴിക്കൽ മുതൽ ചെല്ലാനംവരെ വെച്ചിട്ടുണ്ട്.

മിസ്റ്റർ എം. ഐ. പോൾ: അങ്ങിനെ എത്രടാങ്കുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly